www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 41 ലക്കം 07 ജൂലൈ 2026






ദുക്റാനാ തിരുനാൾ



വി.അൽഫോൻസാമ്മ



കർമ്മല മാതാവ്

"ഞാനാണ് പുനരുത്ഥാനവും ജീവനും;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

# സ്നേഹസ്മരണയ്ക്ക്....





## സി.വി.വർഗീസ്

(20-ാം ചരമവാർഷികം)

ജനനം : 15-08-1918
മരണം : 04-07-2006

## മേരി വർഗീസ്

(4-ാം ചരമവാർഷികം)

ജനനം : 13-01-1925
മരണം : 25-05-2022

ചെമ്പരത്തി (ചെല്ലൂപ്പറമ്പിൽ)



Chavara Matrimony.com
Connecting Hearts
CELEBRATING OUR 30TH ANNIVERSARY
ഹൃദയങ്ങൾ ഒന്നായ
30
വർഷങ്ങൾ
2 ലക്ഷം വിവാഹങ്ങൾ
4 ലക്ഷം കുടുംബങ്ങൾ
Scan QR Code to Register Your Profile
Google Play
App Store
Fr. Anil Philip CMI, Director
Johnson C Abraham, Executive Director
Chavara Family Welfare Centre
H.O Chavara Cultural Centre, Kochi
32 Branches in Kerala, Bangalore, Chennai, Mumbai, Delhi & USA
99617 44444
0484 40 80 333
1800 103 4080
THODUPUZHA
Call us 92402 91744

സ്നേഹ സ്മരണകളോടെ....

# 1-ാം ചരമവാർഷികം



# എം. സി. ഏലിക്കുട്ടി

## മഞ്ഞപ്പള്ളിക്കുന്നേൽ


## (കുമ്പളാനിക്കൽ)

ജനനം: 26-03-1936    മരണം: 29-07-2025

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)

# മുതലക്കോടത്ത് മുത്തപ്പൻ







01 വികാരിയച്ചന്റെ സന്ദേശം
03 ഇടവകവാർത്തകൾ
05 സംഘടനാവാർത്തകൾ
11 കുടുംബവാർത്തകൾ
12 പ്രധാന ദിനങ്ങൾ
13 ബൈബിൾ ക്വിസ്
14 വാർഡ് പ്രാർത്ഥന
15 തിരുനാൾ കവർ കളക്ഷൻ
16 വിശ്വാസ പഠനപരമ്പര
18 ചിത്രകഥ
19 തിരുവചനവായനകൾ



Patron Mar George Madathikandathil
Published on First Sunday of every month
Phone : 8281717867
E-mail : muthalakodam123@gmail.com



മാനേജിംഗ് എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ Mob : 9447400859
ചീഫ് എഡിറ്റേഴ്സ് ഫാ. അഗസ്റ്റിൻ നിരപ്പേൽ Mob : 9544616465
ഫാ. ജോസഫ് ചാരനാൽ Mob : 9188168183

എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ
സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്
ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ
ശ്രീ. സജി പള്ളിക്കുന്നേൽ
ശ്രീ. സിബി തുറയ്ക്കൽ
ശ്രീ. ജെയിംസ് കുന്നുമ്മേൽ



# വികാരിയച്ചന്റെ സന്ദേശം


''അപ്പസ്തോലന്മാരിലെ പവിഴമായ മാർ തോമാശ്ലീഹായാൽ സുവിശേഷം പ്രഘോഷിക്കപ്പെട്ട ഭാരതമേ നീ ഭാഗ്യവതി''

മാർ അപ്രേം മൽപാൻ

മാർത്തോമാനസ്രാണികൾ ആയ നമ്മെ സംബന്ധിച്ചിടത്തോളം ജൂലൈ മാസം വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ജൂലൈ മൂന്നിന് നാം ആഘോഷിക്കുന്നു. 'ദുക്റാന' എന്ന സുറിയാനി വാക്കിനർത്ഥം ഓർമ്മ എന്നാണ്. തോമാശ്ലീഹായുടെ ഓർമ്മത്തിരുനാളാണിത്.

ആദ്യ നൂറ്റാണ്ടിൽ തന്നെ വിശ്വാസത്തിന്റെ വെളിച്ചം ഭാരതത്തിന് ലഭിച്ചു. നമുക്ക് അവനോടൊപ്പം പോയി മരിക്കാം എന്ന ധീരമായ അദ്ദേഹത്തിന്റെ ആഹ്വാനത്തിന് അദ്ദേഹം സ്വയം സാക്ഷ്യം നൽകി. ജെറുസലേമിൽ നിന്ന് വിദൂരത്തായ ഭാരതത്തിലേക്ക് എത്തിയ അദ്ദേഹം ഈ മണ്ണിൽ തന്നെ രക്തസാക്ഷിത്വം വരിച്ചു. 20 നൂറ്റാണ്ടുകൾക്ക് ശേഷവും മാർത്തോമാക്രൈസ്തവർ ഈ നാട്ടിൽ, നാടിന് സമഗ്ര സംഭാവനകൾ നൽകി മുന്നോട്ടു നീങ്ങുന്നു. തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതത്വത്തെക്കുറിച്ച് സമഗ്രവും ആധികാരികവുമായ അക്കാദമിക് പഠനങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ ഭാരതത്തിലെ പല അക്കാദമിക - യൂണിവേഴ്സിറ്റി തലങ്ങളിൽ ആധികാരിക ചർച്ചകൾക്കും അംഗീകാരങ്ങൾക്കും വഴി വച്ചിട്ടുണ്ട്. വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹാ പകർന്നു തന്ന തീക്ഷ്ണത നമുക്ക് നഷ്ടമാകാതെ സൂക്ഷിക്കാം.





സുറിയാനി കത്തോലിക്കാ കുടുംബങ്ങളിൽ നിലനിൽക്കുന്ന ആഴമായ വിശ്വാസ ജീവിതവും സുദൃഢമായ ബന്ധങ്ങളും പ്രേക്ഷിത തീക്ഷ്ണതയും ആണ് അനവധി ദൈവവിളികൾ ഉണരാൻ കാരണമായത്. ആഗോള സഭയായി മാറിയ നമ്മുടെ സഭാംഗങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിൽ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചു ജീവിക്കുന്നു എന്നത് അഭിമാനാർഹമാണ്.

ഈശോയുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ ആഴം കണ്ടെത്തിയ തോമാശ്ലീഹായുടെ ആഴമായ വിശ്വാസവും അനിതരസാധാരണമായ ധൈര്യവും നമ്മെ പ്രചോദിപ്പിക്കട്ടെ. നാം അനുദിനം ഇടപഴകുന്ന സെക്കുലർ ഇടങ്ങളിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ നാം മടിക്കരുത്. ക്രിസ്തീയ മൂല്യങ്ങൾക്കൊപ്പം ശരീരത്തിൽ ക്രിസ്തീയ അടയാളങ്ങൾ ധരിക്കാനും നാം ശ്രദ്ധിക്കണം. ഏവർക്കും ദൈവാനുഗ്രഹപ്രദമായ ഒരു മാസം ആശംസിക്കുന്നു.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ




## ദുക്റാന തിരുനാൾ


ജൂലൈ 3-ാം തീയതി വ്യാഴാഴ്ച നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുനാൾ നാം ആചരിക്കുകയാണ്. അന്നേദിവസം കടമുള്ള ദിവസമാണ്. എല്ലാവരും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും മാർ തോമാശ്ലീഹാ പകർന്നുനൽകിയ വിശ്വാസം ഏറ്റുപറയുകയും ചെയ്യണം.

## കൈക്കാരന്മാർ

നമ്മുടെ ഇടവകയിൽ ജൂൺ 21, ഞായറാഴ്ച, പൊതുയോഗം നടന്നു. ഈ യോഗത്തിൽ ഇടവക കൈക്കാരന്മാരായി കഴിഞ്ഞ വർഷം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കുര്യാക്കോസ് കെ.കെ. കല്ലിങ്കക്കുടിയിൽ, ശ്രീ. സജി പോൾ പള്ളിക്കുന്നേൽ, ശ്രീ. ജെയിംസ് കുന്നുമ്മേൽ, ശ്രീ. സിബി ജോർജ് തുറക്കൽതെക്കേകര എന്നിവരെ ഒരു വർഷത്തേക്ക് കൂടി തുടരുന്നതിന് വീണ്ടും തിരഞ്ഞെടുത്തു.

## FCRA ബോധവത്കരണ ക്ലാസ്

FCRA-2026 എന്തിന് വേണ്ടി? എന്ന വിഷയത്തെകുറിച്ചുള്ള ബോധവത്കരണ ക്ലാസ് AKCC യുടെ ആഭിമുഖ്യത്തിൽ ജൂൺ 25-ന് ഉച്ചകഴിഞ്ഞ് 3.30-ന് നമ്മുടെ ഇടവക പള്ളിയിൽ നടത്തപ്പെട്ടു. വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ഉദ്ഘാടനം ചെയ്തു.

അഭിഭാഷക ശ്രീമതി കവിത ജോർജ് മുഖ്യ പ്രഭാഷണം നടത്തി. സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജയിംസ് കൊക്കാവയലിൽ, കൂടാതെ കേരള ഹൈക്കോടതി അഡ്വക്കേറ്റ് ശ്രീമതി കവിത ജോർജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. FCRA എന്ന നിയമത്തിന്റെ പുതിയ ഭേദഗതികൾ സഭാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ എങ്ങനെ സ്വാധീനം ചെലുത്തുമെന്നതിനെക്കുറിച്ച് വിശദീകരിച്ചു.




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

**ജൂൺ 2026**

* ഈ വർഷത്തെ പ്രവേശനോത്സവം വളരെ ഭംഗിയായി ആചരിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചന്റെയും കൊച്ചച്ചൻമാരുടെയും നേതൃത്വത്തിൽ ആയിരുന്നു പ്രവേശനോത്സവം. അധ്യാപകർക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ തിരി തെളിച്ച് കൊടുക്കുകയും ലോകത്തിന് പ്രകാശമായ ഈശോയെ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.
* എല്ലാ കുട്ടികൾക്കും മധുരം നൽകി പുതിയ അക്കാദമിക വർഷം തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു.
* സൺഡേ സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതാപിതാക്കൾക്കും മധുരപലഹാരം വിതരണം ചെയ്തു.
* ബഹുമാനപ്പെട്ട വികാരിയച്ചൻ ഒന്നാം ക്ലാസിലേക്ക് പ്രവേശനം ലഭിച്ച എല്ലാ കുട്ടികൾക്കും ബാഗും പുസ്തകവും നൽകി.
* ലോഗോസിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.
* 04/06/2026 ന് പരിശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷിച്ചു.
* ഈശോയുടെ തിരുഹൃദയ തിരുനാൾ സമുചിതമായി ആഘോഷിച്ചു. കോൺവെന്റുകളിൽ പോയി യുവജനങ്ങൾ ആശംസകൾ അർപ്പിച്ചു.
* വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തിയ സൺഡേ സ്കൂൾ വാർഷികത്തിൽ എല്ലാ മതാധ്യാപകരും സംബന്ധിച്ചു.
* ഈ വർഷത്തെ ബെസ്റ്റ് സൺഡേ സ്കൂൾ, ബെസ്റ്റ് പി ടി എ അവാർഡുകളും FLAME ന് മൂന്നാം സ്ഥാനവും ലഭിച്ചു.
* മാർ ജോർജ് മഠത്തിക്കണ്ടം പിതാവിൽ നിന്ന് ബഹുമാനപ്പെട്ട

വികാരിയച്ചനും മതാധ്യാപകർ, പിടിഎ ഭാരവാഹികൾ എന്നിവരും ചേർന്ന് ട്രോഫി സ്വീകരിച്ചു.

* ബെസ്റ്റ് സൺഡേ സ്കൂളിനുള്ള അവാർഡ് ലഭിച്ചത് പ്രമാണിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്റെയും കൊച്ചച്ചൻമാരുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് ലഡു വിതരണം ചെയ്തു.
* ഈശോയുടെ തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് സൺഡേ സ്കൂളിൽ പഠിപ്പിക്കുന്ന സിസ്റ്റേഴ്സിനെ ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു. അധ്യാപകരുടെ പ്രതിനിധിയായി ബഹുമാനപ്പെട്ട മേഴ്സി ടീച്ചർ ആശംസ അർപ്പിച്ചു.
* സൺഡേ സ്കൂൾ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് വിജ്ഞാനഭവനിൽ എത്തിച്ചു.
* മദ്യവിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് വിശുദ്ധ കുർബാനയ്ക്കു ശേഷം കുട്ടികൾ FLASH MOB നടത്തി.
* പിടിഎ ജനറൽ ബോഡി നടത്തി.
* നവാഗതരായ അധ്യാപകർ ട്രെയിനിങ്ങിനു പോയി.
* ജൂൺ 5 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വികാരിയച്ചൻ കുട്ടികൾക്കായി വാഴ വിത്ത് വിതരണം ചെയ്തു.

**ജൂലൈ**

* ജൂലൈ 3 : തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ. സൺഡേ സ്കൂൾ വാർഷികം
* കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് അന്നേദിവസം പള്ളിയിൽ വരുന്ന എല്ലാ കുട്ടികൾക്കും ബഹുമാനപ്പെട്ട വികാരിയച്ചൻ കർമ്മല ഉത്തരിയം നൽകുന്നു.
* ജൂലൈ 25, 26 തീയതികളിൽ ഇൻസൈറ്റ് പ്രോഗ്രാം നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു.
* ജൂലൈ 28 : വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ.
* അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് 300 അൽഫോൻസാമ്മമാർ അണിനിരക്കുന്നു.

## കെ.സി.വൈ.എം

* 10/05/2026 : ഇടവക ദിനാഘോഷത്തിൽ സജീവമായി പങ്കെടുത്തു. KCYM ന്റെ നേതൃത്വത്തിൽ മനോഹരമായ ഡാൻസ് അവതരിപ്പിച്ചു.
* 18/05/2026 : ബഹുമാനപ്പെട്ട സ്കറിയ അച്ചന്റെയും, സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ KCYM അംഗങ്ങൾ കൂർഗിലേക്ക് വിനോദയാത്ര നടത്തി. 49 പേർ പങ്കെടുത്തു.
* 23/05/2026 : ഒരു വർഷക്കാലം നമ്മോടൊപ്പമായിരുന്ന ബഹു. സ്കറിയ മെതിപ്പാറയച്ചനും, ബഹു. ഡോൺ കാരകുന്നേലച്ചനും യാത്രാമംഗളങ്ങൾ നേർന്ന് യാത്രയാക്കി. പുതുതായി നമ്മുടെ ഇടവകയിലേക്ക് എത്തിച്ചേർന്ന ബഹു. അഗസ്റ്റിൻ നിരപ്പേലച്ചനും, ബഹു. ജോസഫ് ചാരനാലച്ചനും ഹൃദ്യമായ സ്വാഗതം നല്കി.
* 25/05/2026 : ബഹു. ജയിംസച്ചന് യാത്രയയപ്പ് നല്കി. KCYM അംഗങ്ങൾ അച്ചനോടൊപ്പം യാത്രയയക്കാൻ കോട്ടയത്തിന് പോയി.
* 31/05/2026 : KCYM ന്റെ പുതുതായി ചാർജെടുത്ത അസി. ഡയറക്ടർ ബഹു. അഗസ്റ്റിൻ നിരപ്പേലച്ചനെ സ്വാഗതം ചെയ്തു.
* KCYM ന്റെ ഫൊറോനാതല ഇലക്ഷൻ നടന്നു. മുതലക്കോടം യൂണിറ്റിലെ ബെനഡിക്ട് ചാക്കോ ഫൊറോന പ്രസിഡന്റ് ആയും സാനിയ സണ്ണി ജോയിൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

## മാതൃവേദി

* ജൂൺ 7-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.
* വരവേൽപ് : നമ്മുടെ ഇടവകയിൽ പുതിയതായി ശുശ്രൂഷയ്ക്കെത്തിയ ബഹുമാനപ്പെട്ട ഫാ. അഗസ്റ്റിൻ നിരപ്പേൽ, ഫാ. ജോസഫ് ചാരനാൽ എന്നിവർക്ക് ഊഷ്മളമായ വരവേൽപ് നൽകി, മാതൃവേദി കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു.
* ക്ലാസ് : 'കുടുംബങ്ങളിൽ മാധ്യമങ്ങളുടെ സ്വാധീനം' എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. അഗസ്റ്റിൻ നിരപ്പേൽ മാതാക്കൾക്ക് ക്ലാസ് എടുത്തു.
* ലോക പരിസ്ഥിതി ദിനം : ജൂൺ 5 ലോക പരിസ്ഥിതി ദിനം പ്രമാണിച്ച് അമ്മമാർ വിത്തുകളും തൈകളും പരസ്പരം കൈമാറി.

* ലഘുനിക്ഷേപ പദ്ധതി : യൂണിറ്റിൽ പുതിയതായി അംഗത്വമെടുത്ത അമ്മമാർക്ക് വേണ്ടി ഒരു ലഘുനിക്ഷേപ പദ്ധതി കൂടി ആരംഭിച്ചു.
* ജൂലൈ മാസ സമ്മേളനം 05/07/2026 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടും. എല്ലാ അമ്മമാർക്കും സ്വാഗതം.

## പിതൃവേദി

* എല്ലാ ഞായറാഴ്ചകളിലും രോഗീസന്ദർശനം നടത്തുന്നു.
* പതിവുപോലെ എല്ലാ ആദ്യ ശനിയാഴ്ചകളിലും വൈകിട്ടത്തെ കുർബാനയ്ക്കുശേഷം പള്ളി ചുറ്റി ജപമാല പ്രദക്ഷിണം നടത്തുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുമല്ലോ.
* മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നു. പള്ളി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും കിടപ്പ് രോഗികൾ ഉണ്ടെങ്കിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജനപ്പെടുത്തുക.
* എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 7 മണിക്ക് പള്ളി ചാപ്പലിൽ പ്രാർത്ഥന കൂട്ടായ്മ നടത്തപ്പെടുന്നു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* ഞായറാഴ്ചകളിൽ രാവിലെ 8.30 ന് അംഗങ്ങൾ യോഗം ചേരുന്നു.
* അംഗങ്ങൾ രോഗീസന്ദർശനങ്ങളും, ദത്ത് കുടുംബ സന്ദർശനങ്ങളും നടത്തുന്നു. അവശത അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നു.
* കാരുണ്യ പ്രവർത്തികളിൽ പങ്കാളികളാകുന്നു. സഭാ ജീവിതത്തിലെ എല്ലാ കടമകളും നിറവേറ്റുന്നു.
* ഭവനരഹിതർക്കായുള്ള വീട് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു.
* കോൺഫറൻസിന്റെ പുതിയ പ്രസിഡന്റായി ബ്ര. ജോയി മറ്റപ്പിള്ളിയെ തെരെഞ്ഞെടുത്തു. MOB : 9947864930

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

* എല്ലാ തിങ്കളാഴ്ചയും 10 30 AM ന് ജപമാലയോട് കൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
* എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തുവിദ്യാർഥികൾക്കും സഹായം നൽകുന്നു.
* സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കോതമംഗലം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന, മുതലക്കോടം സെന്റ് ജോർജ് വനിതാ കോൺഫറൻസ് രൂപതയിലെ ഏറ്റവും നല്ല വനിതാ കോൺഫറൻസ് ആയി തുടർച്ചയായി മൂന്നാം പ്രാവശ്യവും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച വനിതാ കോൺഫറൻസിനുള്ള ട്രോഫി മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും അംഗങ്ങൾ ഏറ്റുവാങ്ങി.
* C C തലത്തിൽ നടത്തിയ ഓസാനാം ഫെസ്റ്റ് മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയത് മുതലക്കോടം A C ആണ്. ഏറ്റവും കൂടുതൽ പോയിന്റ് നേടിയവർക്കുള്ള ട്രോഫി മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും അംഗങ്ങൾ ഏറ്റുവാങ്ങി.

  രോഗീസന്ദർശനം - 144

  ദത്തുകുടുംബ സന്ദർശനം - 58

  വിശേഷാൽ സന്ദർശനം - 128

  ഭവനസന്ദർശനം - 204

## യൂദിത്ത് നവോമി ഫോറം

* **ഭവനസന്ദർശനം**

യൂദിത്ത് നവോമി ഫൊറോനാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഭവനങ്ങൾ സന്ദർശിച്ച് മാനസികമായും സാമ്പത്തികമായും ക്ഷീണിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയുടെ ശക്തിയാൽ കൂടുതൽ കരുത്തുള്ളവരായി മാറുവാൻ പ്രോത്സാഹിപ്പിച്ചുവരുന്നു.

* **രോഗീസന്ദർശനം**

വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന രോഗികളെ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

* **ചിലങ്ക ആർട്സ് അക്കാദമി**

സംഘടനയുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ യോഗ, ക്ലാസ്സിക്കൽ, സൂംബാ ക്ലാസ്സുകൾ സജീവമായി നടന്നുവരുന്നു.

## ചെറുപുഷ്പ മിഷൻ ലീഗ്

* ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ബഹു. ഡയറക്ടർ അച്ചൻ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ വൃക്ഷത്തൈ നട്ടു.
* തിരുഹൃദയ തിരുനാൾ ദിനത്തിൽ ബഹു. കൊച്ചച്ചൻമാരും ശാഖാ ഭാരവാഹികളും മുതലക്കോടം തിരുഹൃദയ മഠത്തിൽ പോയി അമ്മമാർക്ക് തിരുനാൾ ആശംസകൾ നേരുകയും പ്രാർഥിക്കുകയും ചെയ്തു.
* വിമലഹൃദയ തിരുനാൾ ദിനത്തിൽ ജപമാല റാലി നടത്തി.
* ശാഖാ കൗൺസിലും 2026-27 പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി.

  പ്രസിഡന്റ് : ജിയോ ജോൺ പാറത്താഴത്ത്

  വൈസ് പ്രസിഡന്റ് : ആൻ പ്രെയ്സ് എ സൈനു

  സെക്രട്ടറി : ആൽബിൻ ബിജു നരികുഴിയിൽ

  ജോയിന്റ് സെക്രട്ടറി : എസ്തർ അന്ന ബാബു കുരീക്കുന്നേൽ

  ഓർഗനൈസർ : എഡ്വിൻ എസ് ചെമ്പരത്തി, എയ്ഞ്ചൽ അന്ന ജോയ് മാണിക്യത്താൻ

  മീഡിയ : ബീവൽ അനിൽ തൈക്കണ്ടത്തിൽ, സോനാ ബിനോയ്

  ലൈബ്രറി : ഡോണൽ ഷാജു കുന്നക്കാട്ട്, അന്ന മരിയ ജോസ്

  ട്രഷറർ : ആരോൺ അനീഷ് കുന്നത്തുംപാറയിൽ

  മിഷൻ ബോയ് : പോൾ മാത്യു പള്ളിക്കുന്നേൽ

  മിഷൻ ഗേൾ : അൽഫോൻസാ സോയി

  എക്സിക്യൂട്ടീവ് മെംബേർസ് : ആൻസൺ അനിൽ കാഞ്ഞിരമലയിൽ, സിയാ മരിയ
* ശനിയാഴ്ച സോഡാലിറ്റി പ്രാർത്ഥന ചൊല്ലി. ബഹു. വികാരിയച്ചൻ പരിശുദ്ധ അമ്മക്ക് നമ്മുടെ ജീവിതത്തിൽ കൊടുക്കേണ്ട സ്ഥാനത്തേക്കുറിച്ച് സെമിനാർ നയിച്ചു.
* പുതിയ ഭാരവാഹികൾക്ക് ബഹു. വികാരിയച്ചൻ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും പ്രവർത്തന വർഷ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.
* പ്രേഷിത റാലി നടത്തി.
* Father's Day യിൽ അപ്പന്മാർക്ക് ആശംസാ കാർഡ് നൽകി ആശംസകൾ നേർന്നു.
* ശാഖ സാഹിത്യമത്സരം നടത്തി.

# കുടുംബവാർത്തകൾ

## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | അനൂപ് തോമസ്<br>സ്നേഹ | പനച്ചിനാനിയ്ക്കൽ<br>മണിയങ്ങാട്ട് | മുതലക്കോടം<br>മച്ചിപ്ലാവ് | 28/05/2026 |
| 02 | ഷിബിൻ<br>അയോണ | ഉമ്മിക്കുഴിയിൽ<br>തൊണ്ടിയാമലയിൽ | സിബിഗിരി<br>മുതലക്കോടം | 28/05/2026 |
| 03 | ഫെബിൻ തോമസ്<br>അജിത | കണ്ടത്തിൻകര<br>കുഴിയംപ്ലാവിൽ | മുതലക്കോടം<br>തൊമ്മൻകുത്ത് | 11/06/2026 |
| 04 | സജിൻ<br>അലീന | കൊല്ലപ്പിള്ളിൽ<br>തോയലിൽ | വണ്ടമറ്റം<br>മുതലക്കോടം | 14/06/2026 |
| 05 | ജോയൽ ജോസ്<br>അഞ്ചു ബാബു | ചാലിൽ<br>നീറനാനിയിൽ | മുതലക്കോടം<br>എല്ലക്കൽ | 22/06/2026 |
| 06 | ജിതിൻ ജോർജ്<br>അനഘ ബെന്നി | അരവൻതേരിൽ<br>ബ്രഹ്മകുളത്ത് | മുതലക്കോടം<br>വല്ലക്കുന്ന് | 25/06/2026 |

## പുതുമലരുകൾക്ക് സ്വാഗതം

വീട്ടുപേര് : തെക്കേപ്പറമ്പിൽ
മാമ്മോദീസാ പേര് : റീത്ത
വിളിപ്പേര് : മിൽഹ സേറ ജെയ്സൺ
മാതാപിതാക്കൾ : ജെയ്സൺ ജോർജ് - ഷാനു ഷാജി
മാമ്മോദീസാ : 31/05/2026

വീട്ടുപേര് : കുറത്തറ
മാമ്മോദീസാ പേര് : ജോസഫ്
വിളിപ്പേര് : ജോനാഥൻ സിബി
മാതാപിതാക്കൾ : സിബി ജോസഫ് - മരിയ വർഗീസ്
മാമ്മോദീസാ : 06/06/2026

വീട്ടുപേര് : തോട്ടുപുറം
മാമ്മോദീസാ പേര് : കാതറിൻ
വിളിപ്പേര് : എസ്റ്റർ എബ്രാഹം
മാതാപിതാക്കൾ : അക്കു ബാബു - എലിസബത്ത്
മാമ്മോദീസാ : 19/04/2026

വീട്ടുപേര് : തുമ്പമറ്റത്തിൽ
മാമ്മോദീസാ പേര് : തോമസ്
വിളിപ്പേര് : നഥാനിയേൽ ബിമൽ
മാതാപിതാക്കൾ : ബിമൽ തോമസ് - ആഗ്നസ് മാത്യു
മാമ്മോദീസാ : 13/06/2026

വീട്ടുപേര് : മഠത്തിക്കണ്ടത്തിൽ
മാമ്മോദീസാ പേര് : പോൾ
വിളിപ്പേര് : എൽവിയൻ പോൾ ജിബിൻ
മാതാപിതാക്കൾ : ജിബിൻ ഷാജി - സ്നേഫി
മാമ്മോദീസാ : 13/06/2026

വീട്ടുപേര് : മുട്ടത്തിൽപുത്തൻപുരയിൽ
മാമ്മോദീസാ പേര് : അന്ന മേരി ജോസ്
വിളിപ്പേര് : അന്ന മേരി ജോസ്
മാതാപിതാക്കൾ : ജോസ് ജോർജ് - റിഞ്ചിൽ കുര്യൻ
മാമ്മോദീസാ : 13/06/2026

# നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

ബിജുമോൻ കുര്യാക്കോസ് (52)
പാണകുഴിയിൽ
മുതലക്കോടം നോർത്ത് വാർഡ്
മരണം : 04/06/2026

വർഗീസ് പൗലോസ് (80)
വട്ടംകണ്ടത്തിൽ
പഴുക്കാകുളം ഈസ്റ്റ് വാർഡ്
മരണം : 10/06/2026

മറിയക്കുട്ടി അബ്രാഹം (89)
തൊട്ടിപ്പറമ്പിൽ
കുന്നം വാർഡ്
മരണം : 16/06/2026

ത്രേസ്യാമ്മ തോമസ് (75)
നിരപ്പേൽ
ശാസ്താംപാറ വാർഡ്
മരണം : 18/06/2026

ജോസ് ഫിലിപ്പ് (75)
തിരുതാളിൽ
പഴുക്കാകുളം വാർഡ്
മരണം : 22/06/2026

## പ്രധാന ദിനങ്ങൾ - ജൂലൈ

| | | |
|---|---|---|
| 03 | വെള്ളി | ദുക്റാനതിരുനാൾ, ആദ്യവെള്ളി |
| 06 | തിങ്കൾ | വി. മരിയാ ഗൊരേത്തി |
| 11 | ശനി | നർസിയായിലെ വി. ബനഡിക്ട് |
| 12 | ഞായർ | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ, നിസിബിസിലെ വി. യാക്കോബ് വി. ലൂയിമാർട്ടിൻ, വി. സെലിഗ്വെരിൻ |
| 15 | ബുധൻ | വി. കുര്യാക്കോസ്, വി. ജൂലിറ്റാ |
| 16 | വ്യാഴം | കർമ്മലമാതാവ് |
| 21 | ചൊവ്വ | വി. ലോറൻസ് |
| 22 | ബുധൻ | വി. മഗ്ദലേന മറിയം |
| 25 | ശനി | വി. യാക്കോബ് ശ്ലീഹാ |
| 26 | ഞായർ | വി. യോവാക്കിം, വി. അന്നാ |
| 28 | ചൊവ്വ | വി. അൽഫോൻസാ |
| 29 | ബുധൻ | വി. മർത്താ |
| 31 | വെള്ളി | വി. ഇഗ്നേഷ്യസ് ലയോള |


## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2026 ജൂലൈ 2, 3, 4**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com

ചോദ്യങ്ങൾ ലൂക്കാ 16 മുതൽ 20 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 20

## BIBLE QUIZ

1. മരിച്ചവരിൽ ഒരുവൻ ചെന്ന് പറഞ്ഞാൽ അവർ അനുതപിക്കും. - ഇതിൽ അവർ ആര് , എത്ര പേർ?
2. വി. ലൂക്കായുടെ സുവിശേഷം പതിനേഴാം അധ്യായത്തിൽ പ്രതിപാദിക്കുന്ന പഴയ നിയമ വ്യക്തിത്വങ്ങൾ ആരൊക്കെയാണ്?
3. നരകത്തിൽ ധനവാൻ പീഡിപ്പിക്കപ്പെടുമ്പോൾ എത്ര പ്രാവശ്യമാണ് മോശ അവനോട് സംസാരിക്കുന്നത്?
4. വി. ലൂക്കായുടെ സുവിശേഷം 18-ാം അധ്യായത്തിൽ അന്ധന് കാഴ്ച നൽകുന്ന സംഭവം വിവരിക്കുന്നുണ്ട്. ഇതേ സംഭവം മർക്കോസിന്റെ സുവിശേഷത്തിലും പ്രതിപാദിക്കപ്പെടുന്നു. മർക്കോസിന്റെ സുവിശേഷപ്രകാരം ആ അന്ധന്റെ പിതാവിന്റെ പേര് എന്താണ്? കൂടാതെ, ആ അന്ധൻ ജന്മനാ അന്ധനായിരുന്നുവോ?
5. വി. ലൂക്കായുടെ സുവിശേഷം 16 - 20 അധ്യായങ്ങളിൽ ഈശോ നൽകുന്ന സൗഖ്യങ്ങളിൽ, സുഖപ്പെട്ട എത്ര പേരോടാണ് ഈശോ വിശ്വാസത്തെക്കുറിച്ച് പറയുന്നത്?
6. വി. ലൂക്കായുടെ സുവിശേഷം പതിനെട്ടാം അധ്യായത്തിൽ ഈശോ തന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും മൂന്നാം പ്രവചനം നടത്തുന്നുണ്ട്. ഇതിനു മുൻപ് ഇതേക്കുറിച്ച് മറ്റ് പ്രവചനങ്ങളും ഈ സുവിശേഷത്തിൽ ഈശോ പ്രതിപാദിച്ചിട്ടുണ്ട്. ഇവയിൽ എത്രാമത്തെ പ്രവചനത്തിലാണ് ഈശോ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്ന സത്യം പ്രതിപാദിക്കാത്തത്?
7. പുനരുത്ഥാനം നിഷേധിക്കുന്ന യഹൂദ വിഭാഗം ആര്?
8. വി. ലൂക്കായുടെ സുവിശേഷം 16 - 20 അധ്യായങ്ങളിൽ ഈശോ എത്രപേർക്ക് സൗഖ്യം നൽകുന്നുണ്ട്?
9. നിയമജ്ഞരുടെ കപട ജീവിതത്തെക്കുറിച്ച് വി. ലൂക്കായുടെ സുവിശേഷം ഇരുപതാം അദ്ധ്യായത്തിലും മറ്റു സുവിശേഷങ്ങളിലും പ്രതിപാദിക്കുന്ന സമാനമായ ഭാഗങ്ങൾ ഏത്?
10. സങ്കീർത്തനങ്ങൾ 110:1 ന് സമാനമായ ഭാഗം വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് കണ്ടെത്തുക?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. അടയാളം
2. ദൈവത്തിന്റെ നീതിയും സ്നേഹവും
3. വെളിച്ചത്തു
4. തീയിടുവാൻ
5. രക്തം
6. കുറുക്കൻ
7. മഹോദര രോഗി
8. സ്വന്തം കുരിശു വഹിക്കാതെ
9. ചുങ്കക്കാരും പാപികളും
10. ഒരു വേലക്കാരനെ


## കഴിഞ്ഞലക്കം വിജയികൾ

1. ജെസ്സി ജോൺ പള്ളത്ത് 2. ജിഷ ജോർജ് പള്ളത്ത് 3. മോളി ഫ്രാൻസിസ് മുണ്ടയ്ക്കൽ 4. ആലീസ് ബേബി കോഴിക്കോട്ട് 5. മേരി മൈക്കിൾ കിഴക്കേപ്പറമ്പിൽ 6. ബീന ജെയ്സൺ കൂട്ടുങ്കൽ 7. സാറാമ്മ ഫിലിപ്പ് പുല്ലാനപ്പിള്ളിൽ 8. ഗ്രേസി ജോൺ തുറയ്ക്കൽ 9. റോസമ്മ പോൾ കൊച്ചുപറമ്പിൽ 10. മേഴ്സി കുര്യൻ ഇരണയ്ക്കൽ 11. എൽസി ജോസഫ് കുന്നുമ്മേൽ 12. അലൻ സാന്റോ ചെമ്പരത്തി 13. അലീന സാന്റോ ചെമ്പരത്തി 14. മേഴ്സി സാന്റോ ചെമ്പരത്തി 15. ലിസ്സി ജോസ് കുന്നത്ത് 16. ടെസ്സി സെബാസ്റ്റ്യൻ കട്ടപ്പുറം 17. ജെസ്സി മാനുവൽ ചെമ്പരത്തി 18. മേരി ജോർജ് പാലക്കാട്ട് 19. ജെയ്സി വിൻസെന്റ് പുലിക്കോട്ടിൽ 20. റെനി ടോമി മാളിയേക്കൽ 21. ലൂസി ഫ്രാൻസിസ് കോട്ടയിൽ 22. സാന്റി ബിനോയി ആക്കപ്പടിക്കൽ 23. ആനി ജോർജ് താന്നിക്കൽ

## വാർഡ് പ്രാർത്ഥന ജൂലൈ 2026

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 02.07.2026 | കാരൂപ്പാറ | സണ്ണി ജോസഫ് പരുന്തുംപ്ലാക്കൽ |
| 04.07.2026 | നെല്ലിക്കുഴി | ജോർജ് മാത്യു വടക്കുംപറമ്പിൽ |
| | ഞരളക്കാട് എ | ജോസഫ് ഉലഹന്നാൻ പാറേപുത്തൻപുരയിൽ |
| 06.07.2026 | കുന്നം കുരിശുപള്ളി | വക്കച്ചൻ പുൽപ്പറമ്പിൽ |
| | കുന്നം കിഴക്ക് | ബേബി കെ. ഒ. കയ്യാണിക്കുന്നേൽ |
| 07.07.2026 | സ്നേഹാലയം | മിനിമോൾ ജോസഫ് കൊച്ചുപുരയ്ക്കൽ |
| | മഠത്തിക്കണ്ടം | മാത്യു എം ജെ (ഷൈജു) മഠത്തിക്കണ്ടത്തിൽ |
| 08.07.2026 | കൊതകുത്തി | പി. സി. ജോസഫ് ആർപ്പാമറ്റം പുത്തൻപുരയിൽ |
| 09.07.2026 | മുതലക്കോടം സൗത്ത് | തങ്കച്ചൻ കോട്ടയിൽ |
| | താബോർ | റോബർട്ട് തുറയ്ക്കൽ |
| 11.07.2026 | മുതലക്കോടം നോർത്ത് | ജോസഫ് തയ്യിൽ |
| | ഞറുക്കുറ്റി | ചാക്കോ കുര്യൻ അടപ്പൂർ |
| | ഏഴുമുട്ടം | ജോൺസൺ താഴത്തൂട്ട് |
| 13.07.2026 | സാൻജോ | പോൾസൺ അരഞ്ഞാണിയിൽ |
| 14.07.2026 | ചിറകണ്ടം | ഷാജി ജോൺ ഇലഞ്ഞിക്കൽ |
| 15.07.2026 | കനാൽ നോർത്ത് | ബിബിൻ സുന്ദർ പനവിളാകത്ത് |
| 16.07.2026 | കനാൽ | പോൾ മാത്യു ചെമ്പരത്തി |
| 18.07.2026 | സ്റ്റേഡിയം | മാത്യു ജോൺ മുരിങ്ങമറ്റം |
| | പെട്ടേനാട് എ | ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറയിൽ |
| | കുന്നം | എ. വി. പോൾ അയ്യംകോലിൽ |
| 20.07.2026 | ഞരളക്കാട് ബി | ജോസഫ് ജോർജ് (സണ്ണി) തൈപ്പറമ്പിൽ |
| | ഉരുളക്കോട് | മാത്യു ഐപ്പ് മഞ്ചപ്പിള്ളിൽ |
| 21.07.2026 | കാരിക്കോട് | അലക്സ് മാത്യു പുനക്കാട്ട് |
| | വടക്കുംമുറി | സാലു കോട്ടൂർ |





## വാർഡ് പ്രാർത്ഥന ജൂലൈ 2026

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 22.07.2026 | തൊണ്ടിക്കുഴ എ | ജോസഫ് ജോൺ കുഞ്ചിറക്കാട്ട് |
| | മുതലക്കോടം | സോവി ഇലഞ്ഞിമറ്റം |
| 23.07.2026 | കാഞ്ഞിരംപാറ | അഭിലാഷ് ജോസഫ് കല്ലൻതറയിൽ |
| | പട്ടയംകവല | റെജി കുറുമ്പാലക്കാട്ട് |
| 25.07.2026 | പഴുക്കാകുളം | കൊച്ചുറാണി തങ്കച്ചൻ പാറത്തലയ്ക്കൽ |
| | മങ്ങാട്ടുകവല | ബിപിൻ ചിറമാട്ടേൽ |
| | കനാൽ കിഴക്ക് | സിജോ കുന്നക്കാട്ട് |
| 27.07.2026 | കോണിക്യമാൽ | ജോർജ് റ്റി. എ. തുറയ്ക്കൽ |
| | സാപിയൻസ്യ | കെ എൽ കുര്യാക്കോസ് കൊച്ചുപറമ്പിൽ |
| 28.07.2026 | ശാസ്താംപാറ | ജോർജ് എൻ. വി. നെല്ലിക്കുന്നേൽ |
| | പാങ്ങാംപാറ | ബിജു മഞ്ഞപ്പിള്ളിക്കുന്നേൽ |
| 29.07.2026 | പഴുക്കാകുളം നോർത്ത് | ജോഷി പാറയിൽ |
| | തൊണ്ടിക്കുഴ സ്കൂൾ | ജെയിംസ് പി പി പള്ളിയ്ക്കമാലി |
| | പഴുക്കാകുളം ഈസ്റ്റ് | സെബാസ്റ്റ്യൻ ജോർജ് കുഴിക്കാട്ടുകുന്നേൽ (ജെറുസലേം വില്ല) |
| 30.07.2026 | മാവിൻചുവട് | ജോർജ് കാവുംപുറത്ത് |
| | അണ്ണായിക്കണ്ണം | തോമസ് മാത്യു നടുപ്പറമ്പിൽ |
| | കുന്നം പടിഞ്ഞാറ് | ബാബു ജോസ് പുതുവ |

## തിരുനാൾ കവർ കളക്ഷൻ 2026

### 25.06.2026 വരെ ലഭിച്ചത്

**19. സാപിയൻസ്യ**

| | | |
|---|---|---|
| കൊച്ചുപറമ്പിൽ | കുര്യാക്കോസ് ലൂക്ക | 500/- |

**21. കുന്നം പടിഞ്ഞാറ്**

| | | |
|---|---|---|
| ചെമ്പരത്തി (കോളംമ്പേൽ) | മാത്യു ഉലഹന്നാൻ | 1000/- |

**32. സ്നേഹാലയം**

| | | |
|---|---|---|
| പുത്തൻപുരയ്ക്കൽ | ബിന്ദു സിജോ | 500/- |

# വിശ്വാസപഠന പരമ്പര

## കൂദാശകളും കൂദാശാനുകരണങ്ങളും

കൂദാശകളും കൂദാശാനുകരണങ്ങളും

1. കൂദാശ എന്നാൽ എന്ത്?

ഉ: അദൃശ്യമായ ദൈവികജീവൻ അഥവാ കൃപാവരം നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഈശോ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.

2. കൂദാശകൾ സ്വീകരിക്കുമ്പോൾ നമുക്ക് കൃപാവരം ലഭിക്കുന്നതെങ്ങനെ?

ഉ: ക്രിസ്തുവിന്റെ സാന്നിധ്യവും പ്രവർത്തനവും കൂദാശകളിൽ ഉണ്ട്. അവ പരിശുദ്ധാത്മാവു വഴി കൂദാശകളിലൂടെ തുടരുന്നതിനാൽ അവ സ്വീകരിക്കുമ്പോൾ നമുക്ക് കൃപാവരം അഥവാ ദൈവികജീവനിൽ പങ്കാളിത്തം ലഭിക്കുന്നു.

3. കൂദാശകളിലൂടെ ക്രിസ്തു നമ്മിൽ എങ്ങനെ സന്നിഹിതനാകുന്നു?

ഉ: ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിനു ദൈവികമായ അദൃശ്യതലവും മാനുഷികമായ ദൃശ്യതലവും ഉണ്ടായിരുന്നു. അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളുടെ തുടർച്ചയായ കൂദാശകൾക്കും ഇതുപോലെ ദൈവീകമായ അദൃശ്യതലവും മാനുഷികമായ ദൃശ്യതലവും ഉണ്ട്. ദൈവീകമായ അദൃശ്യതലം കൃപാവരത്തിന്റേതും മാനുഷികമായ ദൃശ്യതലം ബാഹ്യമായ അടയാളങ്ങളുടേതും ആണ്. കൂദാശകളിലെ ബാഹ്യമായ അടയാളങ്ങളും അനുഷ്ഠാനങ്ങളും അദൃശ്യമായ ദൈവീകപ്രവർത്തനത്തെ സൂചിപ്പിക്കുകയും അതോടൊപ്പം ആ ദൈവീകപ്രവർത്തനത്തെ യാഥാർഥ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. അങ്ങനെ കൂദാശകളിലൂടെ പരിശുദ്ധാത്മാവിൽ ക്രിസ്തു നമുക്ക് സന്നിഹിതനാവുകയും നമ്മിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

4. ഈ കൂദാശകളുടെ എല്ലാം ലക്ഷ്യം എന്ത്?

ഉ: മനുഷ്യരെ വിശുദ്ധീകരിക്കുക, ക്രിസ്തുവിന്റെ മൗതീക ശരീരത്തെ വളർത്തുക, സർവോപരി ദൈവത്തിന് ആരാധന സമർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ ലക്ഷ്യം. കൂടാതെ, അവ

വിശ്വാസത്തെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.

5. കൂദാശകളെ ഏതെല്ലാം വിധത്തിൽ തരം തിരിക്കാം?

ഉ: കൂദാശകളെ രണ്ടായി തരംതിരിക്കാം:

* ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ : മാമ്മോദീസ (ജ്ഞാനസ്നാനം), തൈലാഭിഷേകം, തിരുപ്പട്ടം

ഒന്നിലധികം പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ : വിശുദ്ധ കുർബാന, അനുതാപകൂദാശ (കുമ്പസാരം), രോഗീലേപനം, വിവാഹം

കൂദാശകളെ മറ്റ് വിധത്തിലും തരംതിരിക്കാം:

* പ്രാരംഭ കൂദാശകൾ : മാമ്മോദീസ (ജ്ഞാനസ്നാനം), തൈലാഭിഷേകം, വിശുദ്ധ കുർബാന

സൗഖ്യദായക കൂദാശകൾ : അനുതാപകൂദാശ (കുമ്പസാരം), രോഗീലേപനം

ശുശ്രൂഷയുടെ കൂദാശകൾ : തിരുപ്പട്ടം, വിവാഹം

6. മാമ്മോദീസ (ജ്ഞാനസ്നാനം), തൈലാഭിഷേകം, തിരുപ്പട്ടം എന്നീ കൂദാശകൾ ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നവ ആയിരിക്കുന്നത് എന്തുകൊണ്ട്?

ഉ: ഈ കൂദാശകൾ ഒരിക്കലും മാഞ്ഞു പോകാത്ത മുദ്ര ആത്മാവിൽ പതിക്കുന്നത് കൊണ്ടാണ് ഇവ ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നവ ആയിരിക്കുന്നത്.

7. കൂദാശാനുകരണങ്ങൾ എന്താണ്?

ഉ: കൂദാശകളോട് സാദൃശ്യം ഉള്ളവയും സഭയുടെ മാധ്യസ്ഥം വഴി ലഭിക്കുന്ന ആത്മീയഫലങ്ങളെ സൂചിപ്പിക്കുന്നവയുമായ സംപൂജ്യങ്ങളായ പ്രതീകങ്ങളാണ് കൂദാശാനുകരണങ്ങൾ. കൂദാശകളുടെ പ്രധാന ഫലമായ കൃപാവരം സ്വീകരിക്കാൻ ഈ പ്രതീകങ്ങൾ നമ്മെ തയ്യാറാക്കുന്നു. നമ്മുടെ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെ പവിത്രീകരിക്കാൻ കൂദാശാനുകരണങ്ങൾ ഉപകരിക്കും. ഇവയെ സ്ഥാപിച്ചത് തിരുസഭയാണ്. നൊവേന, ജപമാല, കുരിശിന്റെ വഴി, വെഞ്ചിരിപ്പുകൾ, ആശീർവാദങ്ങൾ, ഒപ്പീസ്, മൃതസംസ്കാരം, കുരിശുരൂപം, കുരുത്തോല, ഹന്നാൻ വെള്ളം, ഭക്തരൂപങ്ങൾ, കൊന്ത, ഉത്തരീയം മുതലായവ കൂദാശാനുകരണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## സെന്റ് ജോർജ് : 5

ഡോ. ജയ്സൺ കൊച്ചുവീടൻ





# തിരുവചന വായനകൾ

## ജൂലൈ 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1<br>2 കോറി<br>3:4-11<br>ലൂക്കാ<br>1:26-38 | 2<br>എഫേ<br>3:14-21<br>യോഹ<br>17:20-26 | 3<br>എഫേ<br>2:19-22<br>യോഹ<br>20:24-29 | 4<br>ശ്ലീഹ<br>6:1-7<br>ലൂക്കാ<br>8:1-8 |
| 5<br>ഗലാ<br>5:16-26<br>യോഹ<br>14:15-20,<br>25-26 | 6<br>എഫേ<br>1:3-14<br>മത്താ<br>3:4-12 | 7<br>തീത്തോ<br>3:1-7<br>യോഹ<br>3:1-12 | 8<br>1 കോറി<br>12:1-11<br>മർക്കോ<br>3:20-30 | 9<br>ഹെബ്രാ<br>3:7-19<br>മത്താ<br>16:1-12 | 10<br>2 കോറി<br>6:1-10<br>ലൂക്കാ<br>10:1-12,<br>17-20 | 11<br>റോമാ<br>14:13-19<br>യോഹ<br>16:16-24 |
| 12<br>വെളി<br>21:9-21<br>മത്താ<br>10:1-15 | 13<br>എഫേ<br>2:11-22<br>മത്താ<br>16:13-20 | 14<br>ഗലാ<br>1:10-16<br>യോഹ<br>4:31-38 | 15<br>1 തിമോ<br>4:12-16<br>ലൂക്കാ<br>12:41-48 | 16<br>വെളി<br>14:1-5<br>യോഹ<br>21:20-25 | 17<br>ഗലാ<br>1:6-10<br>ലൂക്കാ<br>1:67, 76-80 | 18<br>ഫിലി<br>1:19-26<br>യോഹ<br>11:1-16 |
| 19<br>റോമാ<br>11:17-24<br>യോഹ<br>15:1-8 | 20<br>കൊളോ<br>1:1-8<br>യോഹ<br>15:9-17 | 21<br>2 പത്രോ<br>3:8-13<br>മത്താ<br>20:1-16 | 22<br>1 തെസ<br>5:12-22<br>ലൂക്കാ<br>17:11-19 | 23<br>ഗലാ<br>6:6-10<br>മത്താ<br>21:18-22 | 24<br>1 കോറി<br>3:5-11<br>യോഹ<br>14:1-11 | 25<br>റോമാ<br>15:30-33<br>മത്താ<br>7:7-11 |
| 26<br>റോമാ<br>12:3-8<br>ലൂക്കാ<br>10:38-42 | 27<br>തീത്തോ<br>2:1-10<br>മത്താ<br>7:12-20 | 28<br>1 കോറി<br>7:1-7<br>മത്താ<br>19:3-12 | 29<br>റോമാ<br>12:14-21<br>യോഹ<br>13:1-15 | 30<br>1 തിമോ<br>6:1-6<br>മത്താ<br>21:28-32 | 31<br>റോമാ<br>15:1-6<br>മത്താ<br>18:21-35 | |





## സ്നേഹസ്മരണയ്ക്ക്......

## 10–ാം ചരമവാർഷികം



# ബെന്നി ജോർജ്

## കണ്ടത്തിൻകരയിൽ

### പഴുക്കാകുളം

ജനനം: 20–10–1968 മരണം: 26–07–2016

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)

സ്നേഹസ്മരണയ്ക്ക്......

# 30-ാം ചരമവാർഷികം



# മൈക്കിൾ ആഗസ്തി
## (മിനിയാച്ചൻ)
## മാംപ്ലാൽ

ജനനം: 24-04-1934 മരണം: 15-07-1996

"തന്റെ വിശുദ്ധരുടെ മരണം
കർത്താവിന് അമൂല്യമാണ്"(സങ്കീ.115:16)

സ്നേഹസ്മരണയ്ക്ക്......

# 10-ാം ചരമവാർഷികം



# അന്നക്കുട്ടി വർക്കി

## കണ്ണാത്തുകുഴിയിൽ

ജനനം: 25-05-1943 മരണം: 28-06-2016

"തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്"(സങ്കീ.115;16)



പരിസ്ഥിതി ദിനാചരണം



പഴുക്കാകുളം വണക്കമാസ സമാപനം



ബെസ്റ്റ് സൺഡേസ്കൂൾ അവാർഡ് പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു



രൂപതയിലെ ഏറ്റവും നല്ല കോൺഫറൻസിനുള്ള അവാർഡ് വിൻസെന്റ് ഡി പോൾ വനിതാ വിഭാഗം
അംഗങ്ങൾ പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു